LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര റെഗുലേറ്റർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി

237 (986) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നഗരമധ്യത്തിലുള്ള റെഗുലേറ്റർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്തുകൊണ്ട് ഇറക്കിയ സർക്കാർ ഉത്തരവ് നടപ്പാക്കിയിരുന്നോ?

നടപ്പിലാക്കിയിരുന്നു.

(ബി) ഈ ഉത്തരവിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ അതാരെന്നും ഇങ്ങനെ കോടതിയെ സമീപിക്കാനുണ്ടായ കാരണം എന്തെന്നും വ്യക്തമാക്കുമോ?

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. കെ.മാധവൻ നായർ മുതൽ 5 പേർ ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽ നിന്ന് മാർക്കറ്റ് വിലയും പലിശയും ഈടാക്കി സൊസൈറ്റിക്ക് വേണ്ടി ഏറ്റെടുത്ത 1.36 ഏക്കർ ഭൂമി മുൻ ഭൂഉടമയായ ശ്രീമതി കല്ല്യാണി അമ്മയ്ക്ക് തിരികെ നൽകുന്നതിന് 29-7-2003-ലെ സ.ഉ. (സാധാ) 2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ മാർക്കറ്റ് വില ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16-9-2019-ലെ സ.ഉ. (സാധാ) 2539/2019/റവ പ്രകാരം മുൻ ഭൂഉടമയായ ശ്രീമതി കല്ല്യാണി അമ്മയ്ക്ക് ഭൂമി തിരിച്ചു നൽകിയ ഉത്തരവ് റദ്ദുചെയ്ത് ഭൂമി സർക്കാർ ഏറ്റെടുത്ത് നടപടികൾ പൂർത്തീകരിച്ചതിനെതിരെ മുൻഭൂവുടമയുടെ അനന്തരാവകാശികൾ WP(C)26933/2019 പ്രകാരം ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(സി) കോടികൾ വില വരുന്ന ഈ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് മുൻ ഭൂവുടമ മാർക്കറ്റ് വിലയും പലിശയും ഒടുക്കാതിരിക്കുകയും പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാലും 16-9-2019-ലെ സ.ഉ. (സാധാ) 2539/2019/റവ നമ്പർ പ്രകാരം പ്രസ്തുത ഭൂമി തിരികെ ഏറ്റെടുത്ത് കയ്യേറ്റങ്ങളൊന്നും ഇല്ലാതെ സംരക്ഷിക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.